## FACTFILE

Project Type: **Luxury Flat**
Location: **Sobha City, Trissur**
Client: **Venu Gopal Menon & Sreeja Menon**
Designer: **A. M. Faisal**
Design Style: **Contemporary**
Area: **1785 Sq. ft** Completed In: **2013**



സിഗ്സാഗ് ഡിസൈനിന്റെ തുടർച്ചയാണ് ഇന്റീരിയറിന്റെ ഹൈലൈറ്റ്.

**ബ**ഡ്ജറ്റ് ഹോമുകൾ മുതൽ ഹൈ എൻഡ് വീടുകൾ വരെ നീളുന്ന ഭവന സങ്കൽപ്പങ്ങൾക്ക് നിരവധി തവണ കണ്ടംപററി - മിനിമലിസ്റ്റിക് സ്റ്റൈലിൽ നിറം പകർന്ന ഡിസൈനർ ഫൈസലിന്റെ കരിയറിലെ തന്നെ ഏറ്റവും വെല്ലുവിളിയുയർത്തിയ പ്രൊജക്റ്റുകളിൽ ഒന്നാണ് തൃശൂർ ശോഭാസിറ്റിയിലെ വേണു ഗോപാലിന്റെ ഫ്ളാറ്റ്. ഫ്ളാറ്റിന്റെ വലിപ്പമോ ബഡ്ജറ്റിന്റെ പരിമിതിയോ ഈ ഫ്ളാറ്റിന്റെ ഇന്റീരിയർ ഒരുക്കുമ്പോൾ ഡിസൈനർക്കു മുന്നിൽ വെല്ലുവിളി ഉയർത്തിയിട്ടില്ല. പകരം പൂർണ്ണമായും ആഢംബരപൂർവം ചെയ്യേണ്ട ഒരു പ്രൊജക്ട് എന്നതായിരുന്നു പ്രധാന വെല്ലുവിളി, ഒപ്പം ക്ലൈന്റ് മുന്നോട്ടു വെച്ച ചില നിർദ്ദേശങ്ങളും. ഫൈസൽ അതുവരെ ചെയ്തിട്ടുള്ളവയിൽ നിന്നും തികച്ചും വ്യത്യസ്തമായ ആകൃതിയിലുള്ള ഡിസൈൻ എലമെന്റുകളും കളർ കോമ്പിനേഷനും വേണം ഈ ഫ്ളാറ്റിന്റെ ഇന്റീരിയറിൽ ഉപയോഗിക്കേണ്ടത് എന്നതായിരുന്നു ആദ്യത്തെ നിർദ്ദേശം. ഡിസൈനിംഗിൽ ഇറെഗുലർ രീതിയിലുള്ള ഡിസൈനിംഗ് മതി. സിഗ്സാഗ് സീരീസിന് നിർമ്മാണത്തിൽ പ്രാധാന്യം നൽകണം. എല്ലാറ്റിനും ഉപരിയായി വ്യത്യസ്തതയായിരിക്കണം ഇന്റീരിയറിന്റെ മുഖമുദ്ര തുടങ്ങി നിരവധിയേറെ നിർദ്ദേശങ്ങൾ. ഒപ്പം തന്റെയും കുടുംബത്തിന്റെയും ആവശ്യങ്ങളെ കുറിച്ചും കൃത്യമായൊരു ചിത്രവും ഡിസൈനർക്കു നൽകി. ഈ നിർദ്ദേശങ്ങളെ പിൻതുടരാനും മനോഹരമായി അവയെ ഇന്റീരിയറിൽ ഏകീകരിക്കാനും കഴിഞ്ഞു എന്നതാണ് ശോഭാസിറ്റിയിലെ ഈ നക്ഷത്ര ഫ്ളാറ്റിന്റെ പ്രധാന ആകർഷണം.

### ഡിസൈൻ ഫിലോസഫി

തന്റെ പ്രൊജക്റ്റുകൾക്ക് 'ആരേയും മോഹിപ്പിക്കുന്ന ഭംഗി' സമ്മാനിക്കുന്നതിനൊപ്പം തന്നെ, തന്നെ തേടിയെത്തുന്ന ക്ലൈന്റിന്റെ ആവശ്യങ്ങൾക്കും അഭിപ്രായങ്ങൾക്കും പ്രാമുഖ്യം നൽകുകയെന്നതാണ് ഫൈസലിന്റെ ഡിസൈനിങ് ഫിലോസഫി. ഈ പ്രൊജക്റ്റിലും അതേ ഡിസൈനിംഗ് ഫിലോസഫി തന്നെയാണ് ഫൈസൽ നടപ്പിലാക്കിയിരിക്കുന്നത്. ഒരു ഫ്ളാറ്റിലേക്ക് കടന്നു വരുമ്പോൾ നാം ആദ്യം ചെയ്യുന്നതെന്തായിരിക്കും? പാദരക്ഷകൾ അഴിച്ചു മാറ്റും. നമ്മൾ

അനിർവ്വചനീയം ഈ ബെഡ് റൂമുകൾ... ഡിസൈനിലെ സിഗ്സാഗ് പാറ്റേൺ ബെഡ് റൂമുകളുടെ ട്രീറ്റ്മെന്റിലും കാണാം.







പാദ രക്ഷകൾ അഴിക്കുന്നിടത്തുതന്നെ ഫൈസലിന്റെ ഡിസൈനിങ് ആരംഭിക്കുന്നു. ഷൂ റാക്കിൽ തുടങ്ങി അകത്തളത്തിലേക്ക് പ്രവേശിച്ച് പതിയെ ഫ്ളാറ്റിന്റെ കാഴ്ചകളെ തന്നെ മാറ്റിക്കളയും ഫൈസലിന്റെ ഡിസൈനിങ്. അനുദിന ജീവിതവുമായി ബന്ധപ്പെടുത്തി ഇന്റീരിയർ ചെയ്താൽ ഭംഗിയൊക്കെ താനേ വരുമെന്ന് അദ്ദേഹത്തിന്റെ അനുഭവ പാഠം. "ഒരു തുണിക്കടയിൽ കയറിയാൽ ചില ഡ്രസ്സുകൾ നമുക്കിഷ്ടപ്പെട്ടേക്കാം. എന്നാൽ അതു സ്വന്തമായി വാങ്ങണമെങ്കിൽ അതു നമുക്കു മാച്ചാവേണ്ടതുണ്ട്. ഇത്തരത്തിൽത്തന്നെയാണ് ഇന്റീരിയർ ഡിസൈനിങ്ങും. കേവലം ഭംഗിക്കപ്പുറം ക്ലൈന്റിന്റെ ആവശ്യങ്ങളും രീതികളുമായി ഒത്തുപോവുന്നതാവണം ഫ്ളാറ്റിന്റെ ഇന്റീരിയർ"- ഫൈസൽ പറയുന്നു.

## ഇന്നർ സ്പെയ്സുകൾ

അറ്റാച്ച്ഡ് ബാത്റൂമോടു കൂടിയ മൂന്നു ബെഡ്റൂമുകൾ, കിച്ചൻ, ഡൈനിങ് കം ലിവിങ് റൂം എന്ന രീതിയിലാണ് അപ്പാർട്ട്മെന്റിന്റെ ഘടന. ഇവ കൂടാതെ ഒരു യൂട്ടിലിറ്റി ഏരിയയും ഉൾപ്പെടുത്തിയിട്ടുണ്ട്. എൻട്രൻസിലെ ഫോയറിന്റെ വലത് വശത്താണ് ഷൂ റാക്കിന്റെ സ്ഥാനം. ഫ്ളാറ്റിനകത്തേക്ക് പ്രവേശിക്കുമ്പോൾ തന്നെ ഈ ഷൂ റാക്ക് കണ്ണിൽപ്പെടും. മറൈൻ പ്ലൈയും വെങ്ക ഫിനിഷിലുള്ള വെനീറുമാണ് ഇതിനായി ഉപയോഗിച്ചത്. ബെയ്സ് മെറ്റീരിയലായി മറൈൻ പ്ലൈവുഡും മുകളിൽ ലാമിനേഷനു വേണ്ടി 4 എം. എം. വീതിയുള്ള വെങ്ക വെനീറും നൽകിയിരിക്കുന്നു. ഷൂ റാക്കിന്റെ പിറകിലായി വരുന്ന ഭിത്തിയിൽ മനോഹരമായ രണ്ട് പെയ്ന്റിംഗുകളും നൽകിയിരിക്കുന്നു. അപ്പാർട്ട്മെന്റിന്റെ ഡിസൈൻ ശൈലിക്കനുസരിച്ച് പ്രത്യേകം നിർദ്ദേശം നൽകി വരപ്പിച്ചതാണ് ഈ രണ്ടു ചിത്രങ്ങളും. ഡിസൈനുമായി മാത്രമല്ല, അപ്പാർട്ട്മെന്റിന്റെ കളർ സ്കീമുമായും ഇവ യോജിച്ചു പോകുന്നു.

## ലിവിങ് കം ഡൈനിങ് റൂം

ഇവിടെ നിന്നും നേരെ പോകുന്നത് ലിവിങ് കം ഡൈനിങ് റൂമിലേക്കാണ്. ലിവിങ് റൂമിന് തൊട്ടുപിന്നിലായാണ് ഡൈനിംഗ് ഏരിയ വരുന്നത്. ബിൽഡർ കോമൺ ഏരിയകൾക്കെല്ലാം വിട്രിഫൈഡ് ടൈ

# meet the architect

Designer: A.M.Faizal



**Firm:** Nirman Designs

**Firm Specialisation:** Architecture & Interior Designing

**Design Philosophy:** As an architectural consultancy, Nirman Designs aim prestigious clients' total satisfaction. Always try to realize projects that love its holders. Believe in the motto 'what is done in love is done well' and each projects should lift us emotionally and spiritually. Consider Nature as an inspiration to imagine and sprout each innovative idea. To say, the philosophy emerges from the Great Designer, Almighty. Life teaches always how to behave, to be pleasant and enjoy and to be truthful. To say, each design comes from true mind and then only each customers can be satisfied. It's a business of trust.

**Address:** Nirman Designs, Nirman Tower, Calicut Road, Patterkulam, Manjeri-676122, Malappuram

**Phone:** 0483 2760 285, **Mobile:** 81299 93444

**Email:** info@nirmandesign.com


**Website:** www.nirmandesign.com

In Whatsapp: 9895 978900

ലാണ് നൽകിയത്. എന്നാൽ ക്ലൈന്റിന്റെ താൽപ്പര്യപ്രകാരം ഈ വിട്രിഫൈഡ് ടൈലിനൊപ്പം തന്നെ ലാമിനേറ്റഡ് വുഡൻ ഫ്ളോറിനും ഡിസൈനർ ഇവിടെ സ്ഥാനം നൽകിയിട്ടുണ്ട്. ഫോർമൽ ലിവിംഗിന്റെ ഫ്ളോറിന് ലാമിനേറ്റഡ് വുഡ് പാകി സ്പെയ്സുകളെ കൃത്യമായി നിർവചിക്കാനും ഡിസൈനർക്കു കഴിഞ്ഞിട്ടുണ്ട്. ഈ സീറ്റിംഗ് ഏരിയയ്ക്കു പുറമെ പാസ്സേജ് ഏരിയയിലും വെങ്കയുടെ രണ്ടു ഷെയ്ഡിലുള്ള ഫിനിഷ് നൽകി ഫ്ളോറിനെ ഹൈലൈറ്റ് ചെയ്തെടുത്തിട്ടുണ്ട്.

### ഡിസൈനർ ഇരിപ്പിടങ്ങൾ

വ്യത്യസ്ത ഡിസൈനുകളിൽ തയ്യാറാക്കിയിരിക്കുന്ന സോഫകളാണ് ലിവിങ് റൂമിന്റെ മറ്റൊരു പ്രധാന ആകർഷണം. സോഫകളെല്ലാം തന്നെ കസ്റ്റമൈഡായി നിർമ്മിച്ചവയാണ്. വുഡ്, മറൈൻ പ്ലൈ, വെങ്ക കളറിലുള്ള വെനീർ, ഡ്യൂക്കോ പെയിന്റ് ഫിനിഷിങ് എന്നിവ



*വേണു ഗോപാൽ മേനോനും ഭാര്യ ശ്രീജയും മക്കൾ അദ്വൈതിനും അദിഷിനും ഒപ്പം.*

## Owner's File

**തി**കച്ചും വ്യത്യസ്തമായ ഇന്റീരിയർ വേണം എന്നതായിരുന്നു ഞങ്ങളുടെ ആവശ്യം. ഇറെഗുലർ സീരീസോ സിഗ്സാഗ് ഡിസൈനോ ഒക്കെയാണെങ്കിൽ നന്നായിരിക്കും എന്നു ഞങ്ങൾ ഡിസൈനറുമായി സംസാരിച്ചിരുന്നു. അങ്ങനെയാവുമ്പോൾ ആദ്യമായി വരുന്ന ഒരു അതിഥിയ്ക്ക് മികച്ചൊരു ദൃശ്യാനുഭവവും സർപ്രൈസുമായിരിക്കുമല്ലോ ഇന്റീരിയർ എന്നു കരുതി. ഫ്ളാറ്റിന്റെ ഡിസൈൻ ജോലികളെല്ലാം കഴിഞ്ഞപ്പോൾ ഞങ്ങൾ പോലും സർപ്രൈസ് ആയി പോയി. അത്രയ്ക്ക് ഇന്നവേറ്റീവ് ആയ രീതിയിലാണ് ഫൈസൽ ഇന്റീരിയർ പൂർത്തീകരിച്ചു തന്നത്. "- ക്ലൈന്റ് വേണുഗോപാൽ പറയുന്നു.



ഓപ്പൺ കൺസെപ്റ്റിലൊരുക്കിയിരിക്കുന്ന കിച്ചൻ. ഡൈനിംഗ് റൂമിന്റെ ഡിസൈൻ തീമുമായി മാച്ച് ചെയ്യുന്ന ചെക്ക് ഡിസൈനിലുള്ള സെറാമിക് ടൈലുകളാണ് സ്പ്ലാഷ്ബാക്കിൽ.



ലിവിംഗ് ഏരിയ മറ്റൊരു ദൃശ്യം

വിശാലമായ ബാത്ത് റൂം സ്പെയ്സ്



അതീവ ശ്രദ്ധയോടെയാണ് ഇവിടെ സംയോജിപ്പിച്ചിരിക്കുന്നത്. ഇതിനു പുറമേ മുറിയുടെ ഭംഗി കൂട്ടുന്നതിനായി ഗ്രേ നിറം കലർന്ന ജ്യൂട്ട് മെറ്റീരിയലും ഉപയോഗിച്ചിരിക്കുന്നു. ഒരു 3 സീറ്ററും സിംഗിൾ സീറ്ററും 2 സീറ്ററും അടങ്ങുന്നൊരു സെറ്റാണ് ഇവിടുത്തെ സോഫ യൂണിറ്റ്. സോഫയുടെ ബാക്ക്റെസ്റ്റായി സ്റ്റെയ്ൻലെസ്സ് സ്റ്റീലാണ് തിരഞ്ഞെടുത്തിരിക്കുന്നത്.

കുഷ്യനുകളുടെ തെരഞ്ഞെടുപ്പിലും പ്രത്യേക ശ്രദ്ധയാണ് ഡിസൈനർ നൽകിയിട്ടുള്ളത്. സോഫയുമായി നന്നായി ഇണങ്ങിപ്പോവുന്ന വെള്ള കുഷ്യനുകൾ തന്നെ തെരഞ്ഞെടുത്തു. സിഗ്സാഗ് സീരീസിലുള്ള ഒരു ടീപോയ് ആണ് ലിവിംഗിന്റെ മാറ്റ് കൂട്ടുന്ന മറ്റൊരു ഫർണിച്ചർ പീസ്. അപ്പാർട്ട്മെന്റിന്റെ മൊത്തത്തിലുള്ള ഡിസൈൻ ശൈലിയോട് ചേർന്നു പോവുന്ന രീതിയിലാണ് ഈ ടീപോയ് പോലും ഡിസൈൻ ചെയ്തിരിക്കുന്നത്.

സോഫയ്ക്ക് അഭിമുഖമായി ഒരു ഹോം തിയേറ്ററും നൽകിയിട്ടുണ്ട്. ക്ലൈന്റിന്റെ പ്രത്യേക ആവശ്യപ്രകാരമാണ് ഇങ്ങനെ ചെയ്തത്. ഇതിനായി ലോകപ്രശസ്തമായ ബോസ് ബ്രാൻഡിലുള്ള 5.1 ഹോം തിയേറ്റർ സിസ്റ്റമാണ് ഉപയോഗിച്ചിരിക്കുന്നത്. ദൃശ്യങ്ങളുടെയും ശബ്ദങ്ങളുടെയും മാജിക്കൽ ഇഫക്റ്റ് അതുപോലെതന്നെ അനുഭവിച്ചറിയാൻ സഹായിക്കുന്ന രീതിയിൽ അത്യാധുനിക സജ്ജീകരണങ്ങളോടെയാണ് ഇവിടുത്തെ ഹോം തിയേറ്റർ ഡിസൈൻ ചെയ്തിരിക്കുന്നത്. ക്ലൈന്റിന്റെ ആവശ്യാനുസരണം സവിശേഷമായ ദൃശ്യാനുഭവവും ശബ്ദത്തിന്റെ മാജിക്കൽ ഇഫക്റ്റും ലഭിക്കുന്നതിനായി ബാക്ക് ബോക്സും ഫ്രണ്ട് ബോക്സും സീലിംഗിൽ ഘടിപ്പിച്ചിരിക്കുന്നു.

ലിവിങ് റൂമിന്റെ മറ്റൊരു പ്രധാന ആകർഷണം എൽ.സി.ഡി ടി വിയും, സിഗ്സാഗ് സീരീസിൽത്തന്നെ രൂപകൽപന ചെയ്തിരിക്കുന്ന അതിന്റെ പാനലുമാണ്. കൂടുതൽ സൗകര്യം ഉറപ്പു വരുത്തുന്നതിനായി അതിനോട് ചേർന്നു തന്നെ ഒരു ഡ്രോ ബോക്സും സ്ഥാപിച്ചിട്ടുണ്ട്. സോഫയിലിരുന്ന് ടി വിയിലേക്ക് നോക്കുമ്പോൾ കാണുന്ന പ്രതലം ഇരുണ്ടതായി തോന്നുന്ന രീതിയിലാണ് ഇവിടം ഡിസൈൻ ചെയ്തിരിക്കുന്നത്.

ഇടത് വശത്തായി കോർട്ട് യാർഡിലും മറ്റും ഉപയോഗിക്കുന്ന പെബ്ബിൾ ട്രീറ്റ്മെന്റിന് ബദലായി അപ്പാർട്മെന്റ് ഡിസൈനിന് കൂടുതൽ യോജിക്കുന്ന വിധത്തിൽ വുഡൻ ട്രേയിൽ വെർട്ടിക്കൽ ഗ്ലാസ്സു കൊണ്ട് മറ്റൊരു ട്രേയും പണി കഴിപ്പിച്ചിരിക്കുന്നു. ഗ്ലാസ്സിന്റെ പുറമേ നിന്നു നോക്കുമ്പോൾത്തന്നെ പെബ്ബിൾസ് കാണുന്ന രീതിയിലാണ് ഇതിന്റെ നിർമാണം.

ഇതിന് കൂടുതൽ പ്രൗഢി ഉറപ്പു വരുത്തുന്നതിനായി സ്റ്റീലിന്റെ സ്ക്വയർ പില്ലറുകളിൽ ദ്വാരങ്ങളുണ്ടാക്കി അതിലൂടെ എൽ.ഇ.ഡി സ്ട്രിപ്പ് ലൈറ്റ് കടത്തിവിട്ടിരിക്കുന്നതും മനോഹരമായ കാഴ്ചയാണ്. അതിലൂടെ ബഹിർഗമിക്കുന്ന പ്രകാശം മുറിക്ക് ഒരു നവ്യഭാവം പ്രദാനം ചെയ്യുന്നുണ്ട്.

### നിഷ്

ഡൈനിങ് റൂമിനും ലിവിങ് റൂമിനുമിടയിൽ ചെറിയൊരു വേർതിരിവ് വേണമെന്നത് ക്ലൈന്റിന്റെ മറ്റൊരു ആവശ്യമായിരുന്നു. ആ ഒരു വേർത്തിരിവിനുവേണ്ടി സിഗ്സാഗ് രീതിയിലുള്ള ഒരു നിഷാണ് നിർമിച്ചിരിക്കുന്നത്. ഇതിനകത്ത് എൽ. ഇ. ഡി സ്പോട്ട് സ്ഥാപിക്കുകയും സ്പോട്ടിനുള്ളിൽ ഡൈനിങ്ങിന്റെ തീമുമായി ഇണങ്ങിപോവുന്ന ക്രോക്കറി ഐറ്റങ്ങൾ ഡിസ്പ്ലേ വെക്കുകയും ചെയ്തിരിക്കുന്നു.

### പൂജാമുറി

ഡൈനിങ്ങ് റൂമിന്റേയും ബാൽക്കണിയുടേയും ഇടയിലായി ഒരു പൂജാ സ്ഥലവും രുപകൽപന ചെയ്തിട്ടുണ്ട്. വളരെ പരിമിതമായൊരു സ്ഥലത്തായിരുന്നു നിർമാണമെങ്കിലും പരമാവധി ഭംഗി ഉറപ്പു വരുത്തുന്നതിൽ ഡിസൈനർ വിജയിച്ചിട്ടുണ്ട്. കൂടുതൽ ഭംഗി നൽകുന്നതിനായി ചെറിയൊരു റാക്കും സ്പോട്ലൈറ്റും കൊടുത്തിരിക്കുന്നു.

ഡൈനിങ് റൂമിന്റെ മുകളിൽ സമാന്തരമായി ഒരു വാൾറാക്ക് കടന്നു പോകുന്നുണ്ട്. അതിനുള്ളിൽ വിവിധങ്ങളായ ഷോപീസുകൾ നിരത്തിയിരിക്കുന്നു. ഭംഗി കൂട്ടുന്നതിനായി ടേബിളിന്റെ തൊട്ടു മുകളിലായി ഇളംമഞ്ഞ നിറത്തിലുള്ള രണ്ട് ഹാങ്ങിങ് ലൈറ്റുകളും നൽകി. മറൈൻ പ്ലൈയും വെങ്ക ഫിനിഷ് വെനീറും ചേർന്ന വുഡൻ സ്ട്രിപ്പ്, എൽ ഇ ഡി, കോവ് ലൈറ്റ് എന്നിവ ഇതിനെ കൂടുതൽ വർണാഭമാക്കുന്നു. ചുമന്ന നിറത്തിലുള്ള കുഷ്യനുകൾ ഉപയോഗിച്ചിരിക്കുന്നത് ഭംഗി വർദ്ധിപ്പിക്കുന്നതിനൊപ്പം കാഴ്ച്ചക്കാരന്റെ സവിശേഷ ശ്രദ്ധയെ അവിടേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.